>> കുറിപ്പുകൾ

● റജായി മേലാറ്റൂർ

# സ്വകാര്യ കമ്പനികളിലെ വിവേചന സ്വകാര്യങ്ങൾ

**ന്യൂനപക്ഷ** അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യം ഒട്ടും കുറവല്ലെന്ന് പലപ്പോഴും തെളിഞ്ഞതാണ്. സച്ചാർ സമിതി റിപ്പോർട്ട് അതിലേക്ക് കൂടുതൽ വെളിച്ചം വീശി. അക്കാര്യം ഇന്നും ചർച്ച ചെയ്യപ്പെടുന്നു. പിന്നാക്കാവസ്ഥയുടെ നേർ ചിത്രമായിരുന്നു അത്. എന്നാൽ, സ്വകാര്യ മേഖലയിൽ മുസ്‌ലിംകൾ തഴയപ്പെടുന്നതിന്റെയും അവഗണിക്കപ്പെടുന്നതിന്റെയും ആഴം കൂടുതൽ വ്യാപ്തിയുള്ളതാണെന്ന് അടുത്തുവന്ന പഠനങ്ങൾ തെളിയിച്ചു. പക്ഷേ, അതത്ര ചർച്ച ചെയ്യപ്പെടുന്നില്ല; പരിഗണിക്കപ്പെടുന്നുമില്ല.

സർക്കാറിന്റെ അരികുപറ്റി കൊഴുക്കുന്നവരാണ് സ്വകാര്യ മേഖല. പൊതുമേഖലകൾപോലും സ്വകാര്യവത്കരണത്തിന്റെ നിഴലിലാണിന്ന്. ഗവൺമെന്റ് ജോലിയേക്കാൾ ശമ്പളവും പരിഗണനയും ഈ മേഖലയിലാണ്. ഇവിടെയുള്ള വിവേചനങ്ങളാണ് സമൂഹത്തെ കൂടുതൽ ബാധിക്കുക. അത് വളരെ കൂടിയ തോതിലാണെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

'സ്വകാര്യ കമ്പനികളിൽ മുസ്‌ലിം പ്രാതിനിധ്യം കുറവാണ്' എന്ന സച്ചാർ സമിതി നിരീക്ഷണത്തെ അടിവരയിടുന്നതായിരുന്നു ഐ.ഐ.ഡി.എസ് റിപ്പോർട്ട്. യൂനിവേഴ്സിറ്റി ഗ്രാന്റ് കമീഷൻ തലവൻ പ്രഫ. സുകാദിയോ തോറത്തിന്റെ നേതൃത്വത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ദലിത് സ്റ്റഡീസിന്റേതായിരുന്നു പഠനം.

*എ ലഗസി ഓഫ് സോഷ്യൽ എക്സ്ക്ലൂഷൻ-എ കറസ്പോണ്ടൻസ് സ്റ്റഡി ഓഫ് ജോബ് ഡിസ്ക്രിമിനേഷൻ ഇൻ ഇന്ത്യ* എന്ന പേരിലുള്ള പഠനം 2007 ഒക്ടോബർ 13 ഇക്കണോമിക്കൽ ആന്റ് പൊളിറ്റിക്കൽ വീക്കിലി പ്രസിദ്ധീകരിച്ചു. 2007 ഡിംബറിൽ *തെഹൽക* അതിന്റെ റിവ്യൂ നൽകി.

സ്വകാര്യ കമ്പനികളുടെ റിക്രൂട്ട്മെന്റുകളിൽ സാമുദായിക വിവേചനം നടക്കുന്നുണ്ടോ എന്നതായിരുന്നു പഠനത്തിന്റെ കാതൽ. 2005 ഒക്ടോബറിൽ തുടങ്ങിയ രണ്ടു വർഷത്തെ പഠനം കാവിവത്കരണത്തിന്റെ ആഴം വെളിപ്പെടുത്തുന്നത് കൂടിയായിരുന്നു.

66 ആഴ്ചകളിലായി പ്രമുഖ ഇംഗ്ലീഷ് പത്രങ്ങളിൽ വന്ന ജോലി പരസ്യങ്ങൾക്ക് പഠനസംഘം അപേക്ഷ അയച്ചുകൊണ്ടിരുന്നു. നിക്ഷേപം, മെഡിക്കൽസ്, ഫാർമസ്യൂട്ടിക്കൽസ്, കമ്പ്യൂട്ടർ വിൽപന, ഐ.ടി, നിർമാണം, എക്കൗണ്ടിംഗ്, ഓട്ടോമൊബൈൽസ്, കൺസ്ട്രക്ഷൻ തുടങ്ങിയ മേഖലകളിലെ പരസ്യങ്ങളാണ് തെരഞ്ഞെടുത്തത്. 548 ജോലികൾക്കായി 4808 അപേക്ഷകൾ തയാറാക്കി.

ഓരോ ജോലിക്കും മൂന്ന് സെറ്റ് അപേക്ഷകൾ അയച്ചു. ബ്രാഹ്മണന്റെ പേരിലായിരുന്നു ഒന്ന്. ദലിതനും മുസ്‌ലിമിനും വേണ്ടി ഓരോന്നും. യോഗ്യതയും പരിചയവും എല്ലാവർക്കും തുല്യം. കമ്പനികൾ എല്ലാവരെയും ഒരേപോലെ പരിഗണിക്കേണ്ടതാണ്. എന്നാൽ തെരഞ്ഞെടുത്തത് ബ്രാഹ്മണനെ.

മറ്റു രണ്ട് അപേക്ഷകളും തയാറാക്കി, ബ്രാഹ്മണന് യോഗ്യത കുറച്ചും ദലിതന് കൂട്ടിയും. അതായത് ബി.എ ആണ് ചോദിച്ചതെങ്കിൽ ദലിതന്റെ ഡിഗ്രി എം.എയും, എം.എ ആണ് ചോദിച്ചതെങ്കിൽ ബ്രാഹ്മണന്റെ യോഗ്യത ബി.എയും. യോഗ്യത കുറഞ്ഞവനായി സവർണനും യോഗ്യത കൂടിയവനായി ദലിതനും.

സംഭവിച്ചത് ഏറെ രസകരമാണ്. പേരിൽ മാത്രം വ്യത്യാസമുള്ള അപേക്ഷകൾക്ക് പ്രതികരണം തനി ജാതീയം. ബ്രാഹ്മണന് മൂന്ന് കോൾ ലഭിക്കുന്നിടത്ത് ദലിതന് രണ്ട്, മുസ്‌ലിമിന് ഒന്ന്. അഥവാ ഒരേ യോഗ്യതയുള്ള ബ്രാഹ്മണനും മുസ്‌ലിമിനും അവസരങ്ങളിൽ വ്യത്യാസം. 1000 ചാൻസുകൾ ബ്രാഹ്മണനു ലഭിക്കുമ്പോൾ മുസ്‌ലിമിന് വെറും 333. ദലിതനു ലഭിക്കുന്ന അവസരങ്ങൾ പോലും മുസ്‌ലിംകൾക്ക് ലഭിക്കുന്നില്ല!

വേണ്ടത്ര യോഗ്യതയില്ലാത്ത ബ്രാഹ്മണനെയാണ് കൂടുതൽ യോഗ്യതയുള്ള ദലിതനേക്കാൾ കമ്പനികൾക്ക് പ്രിയങ്കരം! എങ്കിൽ പിന്നെ മുസ്‌ലിംകളുടെ അവസ്ഥയോ!

ഇന്ത്യൻ കമ്പനികൾക്ക് മെറിറ്റ് മാത്രമല്ല പ്രശ്നം, മതവും ജാതിയും കുടുംബവുമൊക്കെ നോക്കും. ദലിതനും മുസ്‌ലിമും എപ്പോഴും വിവേചനങ്ങൾക്ക് ഇരകളാവുന്നു.

ജവഹർലാൽ നെഹ്റു യൂനിവേഴ്സിറ്റി സോഷ്യോളജി വിഭാഗത്തിലെ സുരീന്ദർ ജോഡ്കായും കാതറിൻ ന്യൂമാനും (പ്രിൻസ്റ്റൻ യൂനിവേഴ്സിറ്റി) ചേർന്ന് ന്യൂദൽഹിയിലും പ്രധാന നഗരങ്ങളിലുമുള്ള ഏറ്റവും വലിയ കമ്പനികളുടെ 25 എച്ച്ആർ മാനേജർമാരുമായി അഭിമുഖം നടത്തി ഒരു പഠനം തയാറാക്കി. 20 ലക്ഷം ജോലിക്കാരാണ് ഈ കമ്പനികളിൽ തൊഴിലെടുക്കുന്നത്. ഐ.ടി.സി,

ജെറ്റ് എയർവേസ്, മാരുതി ഉദ്യോഗ്, ഹീറോ ഹോണ്ട തുടങ്ങിയ കമ്പനികളും പഠനത്തിൽ ഉൾപ്പെട്ടു. കമ്പനികളിലെ എല്ലാ മാനേജർമാർക്കും ഒരു പുതിയ യോഗ്യതയെക്കുറിച്ച് (അക്കാദമിക നിലവാരത്തിനുമപ്പുറമുള്ള) പറയാനുണ്ടായിരുന്നുവെന്ന് ന്യൂമാൻ. യോഗ്യതകൾ മാത്രമല്ലേ ആധാരമാക്കേണ്ടതുള്ളൂ എന്നു ചോദിച്ചപ്പോൾ, കുടുംബ പശ്ചാത്തലവും നോക്കേണ്ടിവരുമെന്ന് മാനേജർമാർ പറഞ്ഞത്രെ. ദലിതരും അല്ലാത്തവരുമായ ബിരുദധാരികളെക്കുറിച്ച് ദൽഹി സ്കൂൾ ഓഫ് ഇക്കണോമിക്സ്, ജെ.എൻ.യു, ജാമിഅ മില്ലിയ എന്നിവിടങ്ങളിൽ നടത്തിയ പഠനത്തിൽ ദലിതർ അവരുടെ കുടുംബത്തെ കുറിച്ച് ഇന്റർവ്യൂകളിൽ നുണ പറയുന്നു എന്നു കണ്ടെത്തിയിരുന്നു.

ശരീഫ് കോട്ടപ്പുറത്ത്- ഐ.ടി രംഗത്ത് അറിയപ്പെട്ട വ്യക്തി. മുസ്‌ലിം ഐ.ടി പ്രഫഷനൽസ് അസോസിയേഷൻ (മീട്ട) പ്രസിഡന്റ്. ഐ.ടി രംഗത്തെ മുസ്‌ലിംകളുടെ പേരു വിവരങ്ങൾ നൽകാൻ പോലീസ് കമ്പനികൾക്ക് നിർദേശം നൽകിയിരുന്നതായി പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. പോലീസ് ഇതു പരസ്യമായി നിഷേധിക്കുകയും ചെയ്തു. കർണാടകയിലെ ഭീകരവേട്ടയുമായി ബന്ധപ്പെട്ട് നടത്തിയ ഇന്റർവ്യൂവിൽ അദ്ദേഹം ഞങ്ങളോട് പറഞ്ഞതിങ്ങനെ: "ഇന്ത്യയിലെ മൂന്ന് വൻകിട ഐ.ടി കമ്പനികളിലൊന്നിന്റെ മേധാവി എന്നെ വിളിച്ചിരുന്നു. കമ്പനിയിലെ മുഴുവൻ മുസ്‌ലിംകളുടെയും വിവരങ്ങൾ നൽകാൻ പോലീസ് അദ്ദേഹത്തോട് പറഞ്ഞിരുന്നുവത്രെ. അദ്ദേഹം അത് നിഷേധിക്കുകയായിരുന്നു. എല്ലാ കമ്പനിയിൽനിന്നും വിവരം ശേഖരിക്കുന്നുണ്ടെന്നും നിർബന്ധിച്ചാൽ ഞങ്ങൾക്കും കൊടുക്കുകയല്ലാതെ നിവൃത്തിയുണ്ടാവില്ലെന്നും അദ്ദേഹം പറഞ്ഞു. വൻകിട ഐ.ടി കമ്പനികളിൽ ജോലി ലഭിക്കേണ്ട യോഗ്യരായവർ മുസ്‌ലിംകളായതിന്റെ പേരിൽ ജോലി ലഭിക്കാത്തതിന് എന്റെ കമ്പനിയിൽതന്നെ നിരവധി ഉദാഹരണങ്ങളുണ്ട്".

*കെല്ലി ഗ്ലോബൽ വർക്ക് ഫോഴ്സ് (ഡിസ്ക്രിമിനേഷൻ) ഇൻഡക്സ്* എന്ന ഒരു പഠന റിപ്പോർട്ട് അമേരിക്കയിലെ എച്ച്.ആർ കമ്പനി കെല്ലി സർവീസസ് പുറത്തുകൊണ്ടുവന്നിരുന്നു. ജോലി അന്വേഷിക്കുന്ന 70000 പേരെ ഉൾപ്പെടുത്തിയ സർവേ 28 രാജ്യങ്ങളിൽനിന്നുമാണ് വിവരം ശേഖരിച്ചത്. ജോലിവിവേചനത്തിൽ ഇന്ത്യയുടെ റാങ്ക് അഞ്ച്! അവരുമായി സംസാരിച്ച 64 ശതമാനം പേരും വിവേചനത്തിന് ഇരകളായതായി വെളിപ്പെടുത്തി. ഉത്തരാഞ്ചൽ, ബീഹാർ, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽനിന്ന് 100 ശതമാനം പേരും ഇരയാക്കപ്പെട്ടവരാണ്. കർണാടകയിൽ 58 ശതമാനം, പഞ്ചാബിൽ 80 ശതമാനം, ഗുജറാത്തിൽ 70 ശതമാനം എന്നിങ്ങനെ നീളുന്നു പട്ടിക. ഏറ്റവും കുറവ് ഹരിയാനയിൽ- 40 ശതമാനം. ഐ.ടി, എഞ്ചിനീയറിംഗ്, ഫിനാൻഷ്യൽ സർവീസ് എന്നീ മേഖലയിൽ 62 ശതമാനവും വിവേചനത്തിന് ഇരയാക്കപ്പെട്ടുവെന്ന് റിപ്പോർട്ട് പറയുന്നു. രാജസ്ഥാൻ, വെസ്റ്റ് ബംഗാൾ, കർണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലാണ് ഏറ്റവും കൂടുതൽ എൻട്രി ലവലിൽ തഴയപ്പെടുന്നത്. കഴിവ് മാത്രമാണ് സ്വകാര്യ മേഖലയിൽ യോഗ്യത എന്ന ധാരണയാണ് ഇതിനാൽ തിരുത്തപ്പെടുന്നത്.

ഇന്ത്യയിൽ ബാങ്കിംഗ് മേഖലയിൽ 29 ശതമാനം നിക്ഷേപവും മുസ്‌ലിം സമൂഹത്തിന്റേതാണ്. എന്നാൽ ഇവർക്ക് അനുവദിക്കപ്പെടുന്ന ലോണുകൾ വെറും 9.2 ശതമാനം. മുസ്‌ലിം പ്രദേശങ്ങളിൽനിന്ന് ബാങ്കിലേക്ക് ലോണിനോ ക്രെഡിറ്റ് കാർഡിനോ അപേക്ഷിക്കുന്ന അമുസ്‌ലിംകൾ പോലും അവഗണിക്കപ്പെടുന്നു! മുസ്‌ലിം പ്രദേശങ്ങളെ 'നെഗറ്റീവ് ഏരിയ' എന്നാണവർ പറയുക. നെഗറ്റീവ് ഏരിയയിലെ ആളുകൾക്ക്- പ്രത്യേകിച്ച് മുസ്‌ലിംകൾക്ക്- ഇത്തരം സൗകര്യങ്ങൾ അനുവദിക്കരുത് എന്നതാണ് ഇന്ത്യയിലെ മിക്ക ബാങ്കുകളുടെയും സമീപനം. ഇതുസംബന്ധിച്ച് പല റിപ്പോർട്ടുകളും പുറത്തുവന്നിരുന്നു.

ചില വിഭാഗങ്ങളെ 'നെഗറ്റീവ്' ആയി പ്രഖ്യാപിച്ച് അവരെ തഴയുന്ന സമീപനങ്ങൾക്ക് തടയിട്ടേ മതിയാകൂ. അമേരിക്കയെപോലുള്ള രാജ്യങ്ങളിൽ കമ്പനികൾ അവരുടെ ജോലിക്കാരുടെ വിവരങ്ങൾ ഗവൺമെന്റിനു സമർപ്പിക്കേണ്ടതുണ്ട്. ഇന്ത്യയിൽ സ്വകാര്യ കമ്പനികളെ നിയന്ത്രിക്കാൻ അങ്ങനെയൊരു നിയമം നിലവിലില്ലാത്തതാണ് പ്രശ്നം കൂടുതൽ വഷളാക്കുന്നത്. എൻ.ആർ മാധവമേനോന്റെ കീഴിലുള്ള അഞ്ചംഗ ഈക്വൽ ഓപ്പർച്യൂനിറ്റി കമീഷൻ (ഇ.ഒ.സി) ഇന്ത്യയിൽ സ്ഥാപിക്കാനിരിക്കുകയാണ്. അതിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്നതാണ് ഈ പഠനങ്ങൾ. ■

mrpmltr@csrg.in